# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.2276 — 20.06.2012 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരിതബാധിതർക്ക് മറ്റ് ആശുപത്രികളിലെ ചികിത്സയുടെ വിശദാംശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ): | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽപ്പെട്ടവരെ മറ്റ് ആശുപത്രി കളിൽ ചികിത്സിക്കുന്നതിന് കഴിഞ്ഞ സർക്കാർ എത്ര തുക അനുവദിച്ചിരുന്നു; | (എ) | മറ്റ് ആശുപത്രികൾ എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല. എന്നിരുന്നാലും ചികിത്സാ ചെലവിനത്തിൽ അനുവദിക്കപ്പെട്ടതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) എൻഡോസൾഫാൻ വിക്റ്റിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെല്ലിന് അനുവദിച്ച തുക -<br>• ദുരിതബാധിതർക്ക് ചികിത്സാ ആശ്വാസ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 2006-07 വർഷത്തിൽ 50 ലക്ഷം രൂപ<br>• ചികിത്സ ലഭ്യമാകുന്നതിനു വേണ്ടി രോഗികളെ വിവിധ ആശുപത്രി കളിൽ എത്തിക്കുന്നതിനായുള്ള യാത്രാ ചെലവ് വഹിക്കുന്നതിനു വേണ്ടി 15 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | 2) രോഗികളുടെ ചികിത്സാ ചെലവിനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കോർപ്പസ് ഫണ്ടിൽ നിന്നും 2011 ഫെബ്രുവരി മാസത്തിൽ 50 ലക്ഷം രൂപയും കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ചിരുന്നു. അതിന്റെ ആദ്യ ഗഡുവായി 2011 ജൂൺമാസത്തിൽ 10 ലക്ഷം രൂപയും തുടർന്ന് 2012 മെയ് മാസത്തിൽ 20 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. |
| (ബി) | ആയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | സെല്ലിന് കൈമാറിയ തുകയിൽ 61.5 ലക്ഷം രൂപയും ജില്ലാകളക്ടറുടെ അക്കൗണ്ടിലേക്ക് ലഭ്യമായ തുകയിൽ 11.58 ലക്ഷം രൂപയും ഇതിനകം ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ